LITTLE KITES GHSS KAKKAT

# e -ഇടം

KAKKAT’S MONTHLY NEWS PAPER

JUNE 2022 VOLUME 1



## ആഘോഷമാക്കി പ്രവേശനോത്സവം

പിന്നിട്ടത് പലതരം വിലക്കു കാലം ... വിദ്യാലയങ്ങൾ ഉൾപ്പെടെയുള്ള പൊതു ഇടങ്ങൾ നഷ്ടമായ കാലം ...... സ്വതന്ത്രമായി കളിച്ചും ചിരിച്ചും കലഹിച്ചും നടക്കാൻ കഴിയുന്ന സ്കൂൾ കാലം വരവായി ........ മഹാമാരിയെ അതിജീവിച്ച് ...... അറിവിൻ്റെ പ്രകാശനാളം കെട്ടുപോകാതെ കാക്കാൻ ....... പെരുമഴപോലെ പള്ളിക്കൂടങ്ങളിലേക്ക് നമ്മുടെ കുഞ്ഞുങ്ങൾ ഇരമ്പിയെത്തുന്നു ..... സ്കൂൾ പ്രവേശനോത്സവം .... പുതിയ അധ്യയന വർഷത്തിൽ നവാഗതരെ വരവേൽക്കാൻ ഹൃദ്യവും പ്രൗഢോജ്വലവുമായ പരിപാടികൾ നേരത്തെ ആസൂത്രണം ചെയ്തിരുന്നു . തലപ്പാവും മുഖം മൂടിയും ബഹുവർണപ്പൂക്കളും പേപ്പർ ക്രാഫ്റ്റിനാൽ നേരത്തെ തന്നെ തയാറാക്കിയിരുന്നു. രാവിലെ 9.45- ഓടെ പ്രവേശനോത്സവ പരിപാടികൾക്ക് സമാരംഭം കുറിച്ചു. എങ്ങും ഉത്സവപ്രതീതി തന്നെ. പ്രി-പ്രൈമറിയിലെയും ഒന്നാം ക്ലാസ്സിലെയും പിഞ്ചോമനകൾ തലപ്പാവും മുഖംമൂടിയും അണിഞ്ഞ് കയ്യിൽ മഴവില്ലൊളിചാർത്തുന്ന പേപ്പർ പൂക്കളുമേന്തി സ്കൂൾ കവാടത്തിൽ അണിനിരന്നു. ബാൻഡ് വാദ്യത്തിൻ്റെ അലയൊലി സ്കൂൾ അന്തരീക്ഷത്തിൽ മുഴങ്ങി . സ്കൂൾ കവാടത്തിൽ നിന്ന് ഓഡിറ്റോറിയത്തിലേക്ക് ബാൻഡ് വാദ്യത്തിന്റെ അകമ്പടിയോടെ കുട്ടികളെ ആനയിച്ചു കൊണ്ടു വന്നു. സ്കൂൾ പി.റ്റി.എ കമ്മിറ്റിയുടെ വക പായസ വിതരണം നടന്നു. മധുരാസ്വാദനത്തിന് ശേഷം പ്രവേശനോത്സവത്തിൻ്റെ സ്കൂൾതല ഉദ്ഘാടനച്ചടങ്ങ് നടന്നു. 2022-23 അക്കാദമിക വർഷത്തെ പ്രവേശനോത്സവം മടിക്കൈ ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡൻ്റ് സർവ്വശ്രീ. വി പ്രകാശൻ ഉദ്ഘാടനം ചെയ്തു. വാർഡ് മെമ്പർ ശ്രീമതി രാധ അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പാൾ ശ്രീ സതീശൻ മാസ്റ്റർ, SMC ചെയർമാൻ ശ്രീ ടി പ്രകാശൻ, PTA പ്രസിഡൻ്റ് ശ്രീ കെ വി മധു, പ്രഥമാധ്യാപകൻ വിജയൻ മാസ്റ്റർ, സീനിയർ അസിസ്റ്റൻ്റ് ശ്രീമതി പ്രീത ടീച്ചർ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. സ്റ്റാഫ് സെക്രട്ടറി ശ്രീ പ്രകാശൻ മാസ്റ്റർ ചടങ്ങിൽ നന്ദിയർപ്പിച്ചു. പുതുതായി നമ്മുടെ വിദ്യാലയത്തിലേക്ക് എത്തിച്ചേർന്ന പ്രി_ പ്രൈമറിയിലെയും ഒന്നാംതരത്തിലെയും കുട്ടികൾക്ക് പഠനോപകരണ കിറ്റ് ഗിരിജ ജ്വല്ലറികാഞ്ഞങ്ങാട്, DYFI മടിക്കൈ സൗത്ത് മേഖലാ കമ്മിറ്റി , ഗരിമ പുരുഷ സഹായ സംഘം മടിക്കൈ എന്നിവർ സ്പോൺസർ ചെയ്ത് സഹകരിച്ചു.







### പരിസ്ഥിതി ദിനാചരണം

സയൻസ് ക്ലബ്ബ് , സോഷ്യൽ സയൻസ് ക്ലബ്ബ് , വിദ്യാരംഗം കലാ സാഹിത്യവേദി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ലോക പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി തിങ്കളാഴ്ച ’പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം’ എന്ന വിഷയത്തിൽ ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് പോസ്റ്റർ നിർമ്മാണ മത്സരം സംഘടിപ്പിച്ചു. യു പി വിഭാഗം കുട്ടികൾക്ക് പോസ്റ്റർ രചന, കവിത രചന, മുദ്രഗീതം, പരിസ്ഥിതി ദിന ക്വിസ്സ് എന്നിവ സംഘടിപ്പിച്ചു. എൽ പി വിഭാഗം കുട്ടികൾ അവരവരുടെ വീടുകളിൽ വൃക്ഷതൈകൾ നട്ടു. കൂടാതെ ഓരോ ക്ലാസ്സും ഒരു വൃക്ഷത്തൈ കൊണ്ടുവരികയും അത് തിങ്കളാഴ്ച നടന്ന ചടങ്ങിൽ സ്കൂൾ പരിസരത്ത് നടുകയും ചെയ്തു. പ്രിൻസിപ്പൽ കെ സതീശൻ, ഹെഡ്മാസ്റ്റർ പി വിജയൻ, സ്റ്റാഫ് സെക്രട്ടറി പി വി പ്രകാശൻ, സീനിയർ അസിസ്റ്റന്റ് കെ പ്രീത, സയൻസ് ക്ലബ്ബ് കൺവീനർ രജിഷ പി വി,പരിസ്ഥിതി ക്ലബ്ബ് കൺവീനർ അനീഷ്, വിദ്യാരംഗം കൺവീനർ ടി അശോക് കുമാർ ,കെ വി അനിൽകുമാർ എന്നിവർ നേതൃത്വം നല്കി.





### പ്രകൃതിയെഅറിയാൻ

പ്രകൃതിയെ അറിയാൻ റാണിപുരം സന്ദർശിച്ചും അശരണർക്ക് സഹായവുമായി അമ്പലത്തറ സ്നേഹാലയം സന്ദർശിച്ചും കക്കാട്ട് ഗവ.ഹയർ സെക്കന്ററി സ്കൂളിലെ SPC കാഡറ്റുകൾ .കക്കാട്ട് ഗവ.ഹയർ സെക്കന്ററി സ്കൂളിലെ 87 ഓളം SPC കാഡറ്റുകൾ റാണിപുരം സന്ദർശിച്ചു. കാടിനെക്കുറിച്ചും പക്ഷിമൃഗങ്ങളെക്കുറിച്ചും റാണിപുരത്തിന്റെ പ്രത്യേകതയെക്കുറിച്ചും ബീറ്റ് ഫോറസ്റ്റ് ഓഫീസ്സർ ശ്രീമതി സിനി, ഫോറസ്റ്റ് വാച്ചർമാരായ ശ്രീ അനൂപ് ,ശ്രീ ശരത് എന്നിവർ വിശദീകരിച്ചു. വൈകുന്നേരം അമ്പലത്തറ സ്നേഹാലയത്തിൽ കാരുണ്യ സ്പർശവുമായി എത്തിയ SPC കാഡറ്റുകൾ ആവശ്യ ഭക്ഷണസാധനങ്ങൾ സ്നേഹാലയം ഡയരക്ടർ ശ്രീ ഇശോദാസിന് നൽകി




## എസ് എസ് എൽ സി പരീക്ഷയിൽ വീണ്ടും നൂറ് മേനി

2022 എസ് എസ് എൽ സി പരീക്ഷയിൽ കക്കാട്ട് സ്കൂളിന് നൂറ് ശതമാനം വിജയം. തുടർച്ചയായി പത്തൊൻപതാം വർഷമാണ് കക്കാട്ട് സ്കൂൾ ഈ നേട്ടം കൈവരിക്കുന്നത്. 198 കുട്ടികൾ പരീക്ഷ എഴുതിയതിൽ 37 കുട്ടികൾക്ക് മുഴുവൻ വിഷയങ്ങളിലും A പ്ലസ്സും, 17 കുട്ടികൾക്ക് ഒൻപത് വിഷയങ്ങളിൽ A പ്ലസ്സും ലഭിച്ചു. മടിക്കൈ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ എ പ്ലസ്സുകൾ നേടിയ വിദ്യാലയം എന്ന നേട്ടവും കക്കാട്ട് സ്കൂളിന് ലഭിച്ചു. അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, പി ടി എ, എസ് എം സി എന്നിവരുടെ പരിശ്രമഫലമായാണ് ഈ നേട്ടം കൈവരിക്കാൻ പറ്റിയത്.



മടിക്കൈ കക്കാട്ട് ഹയർസെക്കൻഡറി സ്കൂൾ- ഫുൾ എ പ്ലസ്

പി യു അഭിജിത്ത്, അഭിനന്ദ, എം അഭിരാമി, അഥർവ്, കെ ആദിത്യ, ആദിത്യ, ഐശ്വര്യ, അജയ് എസ് നായർ, സി എച്ച് ആകാശ്, കെ അംബല, അനുഗ്രഹ്, അഷിമ തോമസ്

ആർ അതുൽ, സി കെ ദേവനന്ദ, ദേവപ്രിയ, ആർ ദേവിനാഥ്, എ ദിൽന, ഫാത്തിമ്മ അഫ്‌റ, ഫാത്തിമ ബീവി, ഹരിശങ്കർ, കീർത്തി, കെ ടി കൃഷ്ണലക്ഷ്മി, കെ ആർ മനു, നന്ദന

എൻ നന്ദന, എൻ എസ് നന്ദിത, നവീൻ, എ ബി നിദാൽ, സൈന ഇ വിനോദ്, ടി സഞ്ജന, സായൂജ്യ, ശിവാനി, എം സ്നേഹ, കെ എസ് ശ്രീലക്ഷ്മി, തൻമസുനിൽ, തുഷാര രാജീവ്, യാഷ് പ്രസാദ്

## ചണ്ഡാലഭിക്ഷുകി- പുനർവായന

വിദ്യാരംഗം കലാ സാഹിത്യ വേദിയുടെ ആഭിമുഖ്യത്തിൽ കേരളീയ നവോത്ഥാനത്തിന്റെ വഴികളിൽ മാനവികതയുടെ വെളിച്ചം വിതറിയ മഹാകവി കുമാരനാശാന്റെ ശതവർഷം പൂർത്തിയാക്കിയ ചണ്ഡാലഭിക്ഷുകിയുടെ പുനർ വായന നടത്തി. ഒന്നര മണിക്കൂർ നേരം കുട്ടികളെ വായനയുടെയും ചിന്തയുടെയും സംവാദാത്മകമായ മാസ്മരിക ലോകത്ത് പിടിച്ചിരുത്തിക്കൊണ്ട് ഹൈസ്കൂൾ വിഭാഗം മലയാളം അധ്യാപകൻ ശ്രീ.ടി.അശോക് കുമാർ പ്രഭാഷണം നടത്തി. നിറഞ്ഞ കരഘോഷത്തോടെ കൂടി കുട്ടികൾ പ്രഭാഷകന് സ്നേഹാദരം അർപ്പിച്ചു. സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ.പി.വിജയൻ മാസ്റ്റർ അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ല വിദ്യാരംഗം കോർഡിനേറ്റർ ശ്രീ. ദീപക് മാസ്റ്റർ ആശംസയർപ്പിച്ച് സംസാരിച്ചു. ചടങ്ങിൽ ,ശ്രീ.സുധീർ കുമാർ മാസ്റ്റർ സ്വാഗതവും ശ്രീമതി. സ്വപ്ന ടീച്ചർ നന്ദിയുമർപ്പിച്ചു.



## വായനാ മാസാചരണവും വിവിധ ക്ലബ്ബുകളുടെ ഉത്ഘാടനവും

വിദ്യാരംഗം കലാസാഹിത്യ വേദിയുടെ നേതൃത്വത്തിൽ വായന മാസാചരണവും പി എൻ പണിക്കർ അനുസരണവും വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനവും നടത്തി. ജൂൺ 20 ന് വൈകുന്നേരം 3 മണിക്ക് സ്കൂൾ ഓഡിറ്റോറിയത്തിൽ നടത്തിയ പരിപാടി പ്രശസ്ത പ്രഭാഷകൻ ശ്രീ. വത്സൻ പിലിക്കോട് ഉദ്ഘാടനം ചെയ്തു. സീനിയർ അസിസ്റ്റന്റ് കെ.പ്രീത, സ്റ്റാഫ് സെക്രട്ടറി പി.വി.പ്രകാശൻ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. ഹെഡ്യാസ്റ്റർ ശ്രീ.പി.വിജയൻ മാസ്റ്റർ സ്വാഗതവും വിദ്യാരംഗം കോഡിനേറ്റർ ഡോ.പി.കെ.ദീപക് നന്ദിയും പറഞ്ഞു. പ്രിൻസിപ്പാൾ ശ്രീ.കെ.സതീശൻ അധ്യക്ഷത വഹിച്ചു.സി നെറ്റ് ചാനലും നീലേശ്വരം ന്യൂ ബോധി ബുക്സും സംയുക്തമായി സംഘടിപ്പിച്ച വായനാ രസായനം - പുസ്തകാസ്വാദനക്കുറിപ്പ് മത്സരത്തിൽ ഹൈസ്കൂൾ വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയ 9 D ക്ലാസ്സിലെ എ.ശ്രീലക്ഷ്മിക്ക് സി നെറ്റ് ചാനൽ എം.ഡി.കെ.ജയചന്ദ്രനും രണ്ടാം സ്ഥാനം നേടിയ ജി.ശിവാനിക്ക് ചാനൽ ചെയർമാൻ പി.ആർ.രഘുനാഥനും ഉപഹാരങ്ങൾ വിതരണം ചെയ്തു തുടർന്ന് 9 D ക്ലാസ്സിലെ ശബരീനാഥും സംഘവും അവതരിപ്പിച്ച നാടൻ പാട്ടും അരങ്ങേറി.

### യോഗദിനം

എസ് പി സി യുടെ നേതൃത്വത്തിൽ നടന്ന പരിപാടിയിൽ യോഗ ഇൻസ്ട്രക്ടർ ദിവ്യ ക്ലാസ്സെടുത്തു. എക്സൈസ് പ്രിവന്റീവ് ഓഫീസർ രഘുനാഥ്, സിവിൽ എക്സൈസ് ഓഫീസർ അരുൺ, ഹെഡ്മാസ്റ്റർ പി വിജയൻ, അധ്യാപകരായ പി വി പ്രകാശൻ, കെ പ്രീത, എം മഹേശൻ, തങ്കമണി പി പി, പ്രീതിമോൾ ടി ആർ എന്നിവർ നേതൃത്വം നല്കി.





## സ്റ്റുഡന്റ് പോലീസ് സമ്മർ ക്യാമ്പ്

SPC ദ്വിദിന ക്യാമ്പ് കക്കാട്ട് ഗവ.ഹയർ സെക്കന്ററി സ്കൂളിൽ ജൂൺ 4, 5 തീയ്യതികളിൽ നടന്നു. PTA പ്രസിഡന്റ് ശ്രീ മധു കെ.വി യുടെ അധ്യക്ഷതയിൽ മടിക്കൈ ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ വി.പ്രകാശൻ ഉദ്ഘാടനം ചെയ്തു. SPC കാസർഗോഡ് നോഡൽ ഓഫീസ്സർ നാർക്കോട്ടിക്ക് DySP ശ്രീ മാത്യു MA മുഖ്യപ്രഭാഷണം നടത്തി. ശ്രീമതി രാധ വി (വാർഡ് മെമ്പർ ), ശ്രീമതി പ്രീത കെ (സീനിയർ അസിസ്റ്റന്റ് ) ശ്രീ പ്രകാശൻ ടി (SMC ചെയർമാൻ),ശ്രീ വത്സൻ പിലിക്കോട് സ്രീനിയർ അസിസ്റ്റന്റ് HSSS) , ശ്രീ പ്രകാശൻ പി.വി. സ്റ്റാഫ് സെക്രട്ടറി HS), ശ്രീമതി ഷീന ബി (MPTA പ്രസിഡന്റ്), SPC ചുമതല വഹിക്കുന്ന അധ്യാപകരായ ശ്രീ മഹേശൻ എം, ശ്രീമതി തങ്കമണി പി.പി പി.പി. ,ജനമൈത്രീബീറ്റ് ഓഫീസ്സർ ശ്രീ പ്രദീപൻ കോതോളി, ADI ശ്രീമതി സുപ്രിയ കെ.വി എന്നിവർ സംസാരിച്ചു.

### കിലുക്കാം പെട്ടി

വായനാദിന- മാസാചരണത്തിന്റെ ഭാഗമായി എൽ പി വിഭാഗം ക്ലാസ്സുകളിൽ കഥകളും പാട്ടുകളുമായി കിലുക്കാം പെട്ടി അരങ്ങേറി. ഹരിനാരായണൻ മാസ്റ്റർ ക്ലാസ്സ് കൈകാര്യം ചെയ്തു.







### ലഹരിക്കെതിരെ കൂടെയുണ്ട്

കക്കാട്ട്ഹയർ സെക്കന്ററി സെക്കന്ററി സ്കൂൾ SPC യൂണിറ്റിന്റെയും ജനമൈത്രി പോലീസ് നീലേശ്വരത്തിന്റെയും ആഭിമുഖ്യത്തിൽ ലഹരിക്കെതിരെ കൂടെയുണ്ട് ബോധവൽക്കരണ ക്ലാസ്സ് നടത്തി.കക്കാട്ട് ഗവ ഹയർ സെക്കന്ററി സ്കൂളിൽ നടന്ന ക്ലാസ്സ് കമ്യൂണിറ്റി പോലീസ് ഓഫീസ്സർ മഹേശൻ എം ന്റെ അധ്യക്ഷതയിൽ സ്കൂൾ ഹെഡ് മാസ്റ്റർ ശ്രീ വിജയൻ പി. ഉദ്ഘാടനം ചെയ്തു. ചന്തേര ജനമൈത്രി ബീറ്റ് ഓഫീസ്സർ സുരേശൻ കാനം വിഷയാവതരണം നടത്തി. സീനിയർ അസിസ്റ്റന്റ് പ്രീത കെ ആശംസ അർപ്പിച്ച് സംസാരിച്ചു. ജനമൈത്രീ ബീറ്റ് ഓഫീസ്സർ പ്രദീപൻ കോതോളി സ്വാഗതവും ACPO തങ്കമണി പിപി നന്ദിയും അറിയിച്ചു. കുട്ടികൾ ലഹരിക്കെതിരെ ജാഗ്രതപുലർത്തണമെന്നും ലഹരിമാഫിയയുടെ കൈകളിൽ അകപ്പെടാതെ ശ്രദ്ധിക്കണമെന്നും സുരേശൻ കാനം അഭിപ്രായപ്പെട്ടു.
ജെ ആർ സിയുടെ ആഭിമുഖ്യത്തിൽ ലഹരിക്കെതിരെ ഷോർട്ട് ഫിലം പ്രദർശനം നടത്തി



### എൽ പി വിഭാഗം പ്രവർത്തന കലണ്ടർ പ്രകാശനം ചെയ്തു

എൽ പി വിഭാഗത്തിന്റെ സ്കൂൾകല പ്രവർത്തന കലണ്ടർ ഹെഡ്മാസ്റ്റർ ശ്രീ പി വിജയൻ പ്രകാശനം ചെയ്തു. ശ്രീമതി പി വി വിജയലക്ഷ്മി, പ്രമോദ് മാസ്റ്റർഎന്നിവർ നേതൃത്വം നല്കി



### പ്ലാസ്റ്റിക് മുക്ത ഹരിത വിദ്യാലയം

സ്കൗട്ട് ആന്റ് ഗൈഡ്സ് യൂണിറ്റിലെ മുഴുവൻ കുട്ടികളെയും ഉൾ പെടുത്തികൊണ്ട് ഡ്യൂട്ടി ചാർട്ട് തയ്യാറാക്കി പ്ലാസ്റ്റിക് മുക്ത ഹരിതവിദ്യാലയം എന്ന ലക്ഷ്യത്തിലേക്കായി സ്കൂൾ ശുചീകരണം പൂന്തോട്ട പരിപാലനം എന്നിവ നടന്ന് വരുന്നു





### ജെ ആർ സി സ്കാർഫിങ്ങ് സെറിമണി

ജെ ആർ സിയുടെ ആഭിമുഖ്യത്തിൽ സ്കാർഫിങ്ങ് സെറിമണി നടന്നു. ഹെഡ് മാസ്റ്റർ പി വിജയൻ, പി ടി എ പ്രസിഡന്റ് ശ്രീ കെ വി മധു ശ്രീമതി പ്രസന്ന ടീച്ചർ എന്നിവർ നേതൃത്വം നല്കി.





### ദൂരദർശൻ&ടാലന്റ്സ്പയർ ക്വിസ്സ് മത്സരം

ഫേസ് വണ്ണിൽ 5 ലക്ഷം ആൾക്കാരും ഫേസ് 2 ൽ 5000 ആളും പങ്കെടുത്തതിൽ നിന്ന് കേരളത്തിൽ നിന്ന് ആകെ select ചെയ്ത 24 കുട്ടികൾക്ക് തിരുവനന്തപുരം ദൂരദർശൻ കേന്ദ്രത്തിൽ ഫൈനൽ റൗണ്ട് മൽസരം നടത്തി. 6 കുട്ടികൾ വീതം 4 ബാച്ചായി ആയി ആണ് ആ മൽസരം നടത്തിയത്. ആ മൽസരത്തിൽ നിന്ന് C ബാച്ചിൽ മൽസരിച്ച കാർത്തിക് സി മാണിയുർ,ആ ബാച്ചിൽ രണ്ടാം സ്ഥാനം നേടി. ഫൈനൽ റൗണ്ടിൽ മൽസരിച്ച 24 പേർക്കും ജൂലൈ മാസത്തിൽ സർട്ടിഫിക്കറ്റും സമ്മാനങ്ങളും നൽകും പരിപാടി 3 എപ്പിസോഡുകളായി ദൂരദർശൻ സംപ്രേഷണം ചെയ്യും .

